പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1649

13/06/2014-ൽ മറുപടിക്ക്

'സ്നേഹിത' പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) 'സ്നേഹിത' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | 'സ്നേഹിത' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. സഹായം അഭ്യർത്ഥിച്ചു വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക.<br><br>2. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തിര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായസംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക<br><br>3. മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ).<br><br>4. ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് സ്നേഹിത കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത് ; | (ബി) | തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ 'സ്നേഹിത' ഹെൽപ്പ്ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലകളിലും സ്നേഹിത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഈ സാമ്പത്തിക വർഷം ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലും, തുടർന്ന് മറ്റ് ജില്ലകളിലും സ്നേഹിത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ